"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.278/2024/CLAD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-

1. 1. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 24.04.2024--ലെ 415/A/24/CL നമ്പർ കത്ത്.
2. 27.05.2024- ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി "2202-05-102-97-36(പ്ലാൻ) എന്ന ശീർഷകത്തിൽ 1,40,00,000/- (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 27.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് നിബന്ധനകളോടെ അംഗീകാരം നൽകുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ''2202-05-102-97-36(പ്ലാൻ)'' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 1,40,00,000/- (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി വിവിധ പദ്ധതി നിർവഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കുട്ടികളുടെ പുസ്തക പ്രസിദ്ധീകരണം | 65 |
| 2. | തളിര് പ്രസിദ്ധീകരണം | 34 |
| 3. | തളിര് സ്കോളർഷിപ്പ് | 20 |
| 4. | ശില്പശാലകൾ,സെമിനാറുകൾ, ക്യാമ്പുകൾ, കുട്ടികളുടെ പരിപാടികൾ | 3 |
| 5. | ബാലസാഹിത്യ പുരസ്കാരം | 4 |
| 6. | ലൈബ്രറി വികസനം | 0.25 |
| 7. | പുസ്തക പ്രദർശനം | 7 |
| | | |

| | | |
|---|---|---|
| 8. | ഓൺലൈൻ ജോലിയുടെ ഡിജിറ്റലൈസേഷൻ | 0.25 |
| 9. | പബ്ലിസിറ്റി | 3 |
| 10. | ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം | 0.25 |
| 11. | ബാലപ്രതിഭാസംഗമം | 0.25 |
| 12. | ബുക്ക് സ്റ്റോർ തുറക്കുന്നു | 2 |
| 13. | തളിര് ക്ലബ് | 1 |
| | **ആകെ** | **140** |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1. ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ് തയാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.
2. പദ്ധതി നടത്തിപ്പിന് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.
3. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട purchase-കൾക്ക് Stores Purchase Manual-ലെ നിബന്ധനകൾ പാലിക്കേണ്ടതും, IT അനുബന്ധ സാധനങ്ങൾ വാങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.
4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ്(ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം ..
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ-സി) വകുപ്പ്
സാംസ്കാരിക കാര്യ (ബി ) വകുപ്പ്
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/96/2024/CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini T R
സെക്ഷൻ ഓഫീസർ
Date: 04-06-2024 10:14:48

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്
സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്